പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4843

14/11/2019-ൽ മറുപടിയ്ക്ക്

**ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്കൂൾ ബസ് വാങ്ങുന്നതിന്റെ നടപടിക്രമങ്ങൾ**

| ചോദ്യം<br>ശ്രീ. കെ. എൻ. എ ഖാദർ | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്കൂൾ ബസ് വാങ്ങി നൽകുന്ന പ്രവൃത്തിയുടെ പ്രൊപ്പോസൽ ലഭിച്ച ശേഷം വിദ്യാഭ്യാസ വകുപ്പ് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ; | (എ) & (ബി) | എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് 2017-18 സാമ്പത്തിക വർഷം മുതൽ സ്കൂൾ ബസ് വാങ്ങുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ഭരണാനുമതി ഉത്തരവ് നൽകുകയും, ഇതിനാവശ്യമായ തുക അനുവദിക്കുന്നതിനുള്ള ശുപാർശ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും, പൊതുവിദ്യാഭ്യാസ സെക്രട്ടറി നിയന്ത്രണാധി കാരിയായ '4202-01-800-84-Projects Under LAC ADS - Other Projects (NP)' എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും BAMS മുഖേന DDO മാരായ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ടി ശീർഷകത്തിൽ നിന്നും ആവശ്യമായ തുക മാറി നൽകുന്നതിന് അനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും, തുക മാറി നൽകി പ്രവൃത്തി നടപ്പിലാക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാരെ ചുമതലപ്പെടുത്തുകയും ചെയ്തു വരുന്നു. |
| (ബി) | ഇപ്രകാരം ലഭിക്കുന്ന എല്ലാ പ്രൊപ്പോസലുകളിലും ഗവൺമെന്റ് ഉത്തരവ് നൽകുന്നതിന് മുമ്പായി ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി അയക്കണമെന്ന നിബന്ധന വിദ്യാഭ്യാസ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | | |
| (സി) | 2018-19 വർഷത്തെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി സ്കൂൾ ബസ് വാങ്ങി നൽകുന്ന പ്രവൃത്തികളുടെ പ്രൊപ്പോസലുകളിൽ ഏതെങ്കിലും ഒരിക്കൽ ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടും വീണ്ടും ധനകാര്യ വകുപ്പിലേക്ക് അയച്ചിട്ടുണ്ടോ; ഇതിന് ആധാരമായ വസ്തുതകൾ വെളിപ്പെടുത്താമോ? | (സി) | ഉണ്ട്. നടപ്പ് സാമ്പത്തിക വർഷം ടി ഹെഡ് ഓഫ് അക്കൗണ്ടിൽ 5 കോടി രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത തുക തികയാതെ വന്നതിനാൽ അധിക ധനാനുമതിയ്ക്കായി ധനകാര്യ വകുപ്പിനോട് ശുപാർശ ചെയ്യുകയും 30/10/2019-ന് 4 കോടി രൂപ Additional Authorisation മുഖേന പ്രസ്തുത ഹെഡ് ഓഫ് അക്കൗണ്ടിൽ വകയിരുത്തിയിട്ടുമുണ്ട്. |

Namitha

സെക്ഷൻ ഓഫീസർ